# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6075** 04.07.2019-ൽ മറുപടിയ്ക്ക്

**ബോട്ട്-ഇൻ-ലാൻഡായ ഭൂമി സംബന്ധിച്ച കേസുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സർക്കാരിന്റെ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കാനായി ഭൂമി ആവശ്യമാണെന്നിരിക്കെ വർഷങ്ങളായി കോടതിയുടെ പരിഗണനയിലിക്കുന്ന ബോട്ട്-ഇൻ- ലാൻഡായ ഭൂമി സംബന്ധിച്ച കേസുകൾ തീർപ്പാക്കുന്നതിനും തീർപ്പായിട്ടുള്ള കേസുകളിൽപ്പെട്ട ഭൂമി ഉപയോഗ പ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കോടതി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനായി കേസുകളുടെ പുരോഗതി പ്രതിമാസ സ്യൂട്ട് കോൺഫറൻസിൽ ചർച്ച ചെയ്യണമെന്നും, അഡ്വക്കേറ്റ് ജനറൽ, ഗവ. പ്ലീഡർമാർ എന്നിവരുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പു കൽപ്പിക്കുന്നതിന് ആവശ്യമായ കാര്യവിവര പത്രിക, കൗണ്ടർ അഫിഡവിറ്റ് എന്നിവ ബന്ധപ്പെട്ട കോടതികളിൽ ഫയൽ ചെയ്യണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ബോട്ട്-ഇൻ-ലാൻഡായ ഭൂമികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ 73.11 സെന്റ് സ്ഥലം 18 പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ മേലില വില്ലേജിൽ 10 സെന്റ് സ്ഥലം മൂന്ന് പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ പവിത്രേശ്വരം വില്ലേജിൽ 15.19 സെന്റ് സ്ഥലം |

അഞ്ചു പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ പൂയപ്പള്ളി വില്ലേജിൽ 15.31 സെന്റ് സ്ഥലം അഞ്ച് പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ 42 സെന്റ് സ്ഥലം 12 പ്ലോട്ടുകളായി തിരിച്ചും ZLP യിൽ ഉൾപ്പെടുത്തി പട്ടയം നൽകിയിട്ടുണ്ട്. കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ 40 സെന്റ് സ്ഥലം പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റലിന് കൈമാറുകയും, കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ 1.04 ഏക്കർ സ്ഥലം ലൈഫ് മിഷൻ പദ്ധതിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ വില്ലേജിലെ ബോട്ട്-ഇൻ-ലാൻഡ് ഭൂമിയിൽ 36 ഭൂരഹിതർക്ക് പട്ടയം നൽകിയിട്ടുണ്ട്. കീഴാന്തൂർ വില്ലേജിലെ ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കീഴാന്തൂർ വില്ലേജിലെ 13 പേർക്കും, മറയൂർ വില്ലേജിലെ 15 പേർക്കും ഭൂമി നൽകിയിട്ടുണ്ട്. പീരുമേട് താലൂക്കിലെ പെരുവന്താനം വില്ലേജിലെ സർവ്വെ നമ്പർ 958/3-ൽപ്പെട്ട 83.320 സെന്റ് ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 20 പ്ലോട്ടുകളായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും, ടി കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. തൊടുപുഴ താലൂക്കിന് കീഴിലുള്ള ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ള ഭൂമികൾ ജനോപകാരപ്രദമായ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിനായി ലാൻഡ് ബാങ്കിലേക്ക് റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതും, വാസ യോഗ്യമായ ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക് പതിച്ചു നൽകിയിട്ടുള്ളതുമാണ്. ഇടുക്കി താലൂക്കിൽ തങ്കമണി വില്ലേജിൽ ബോട്ട്-ഇൻ-ലാൻഡ് ഇനത്തിൽപ്പെട്ട ഭൂമിയുടെ പകുതിയോളം ഭൂഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ ഉപയോഗപ്രദമായ ബോട്ട്-ഇൻ-ലാൻഡ് പ്രളയ ബാധിതർക്ക് പതിച്ച് നൽകുന്നതിന് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്. പാലക്കാട് ജില്ലയിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി

| | | | |
|---|---|---|---|
| | | | പുരോഗമന പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചു വരുന്നു.<br>സംസ്ഥാന സർക്കാരിന്റെ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കാനായി കാസറഗോഡ് ജില്ലയിൽ കാസറഗോഡ് താലൂക്കിൽ നീർച്ചാൽ വില്ലേജിൽ റിസർവ്വെ നമ്പർ 311/1, 312/2 ബി3 എന്നിവയിൽപ്പെട്ട 1.23 ഏക്കർ ഭൂമി ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഹോസ്ദുർഗ് താലൂക്കിൽ പിലിക്കോട് വില്ലേജിൽ റീസർവ്വെ നമ്പർ 198/5 ൽപ്പെട്ട 0.23 ഏക്കർ ഭൂമി പിലിക്കോട് വില്ലേജ് ഓഫീസിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി മാറ്റിവെച്ചിട്ടുള്ളതുമാണ്. |
| **(സി)** | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ സർവ്വെ നമ്പർ 349/12, 350/1, 2, 4, 5 എന്നിവയിൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും സർവ്വെ നമ്പർ 287/2, 289/1, 2, 3, 4, 8 ൽപ്പെട്ട 1.69420 ഏക്കർ ഭൂമിയും സംബന്ധിച്ച് സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ബോട്ട്-ഇൻ-ലാൻഡ് കേസുകളുടെ നിജസ്ഥിതി വിശദമാക്കാമോ; | **(സി)** | ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP 32524/10, SLP 33802/10 എന്നീ കേസുകൾ പെൻഡിംഗിലാണ്. |
| **(ഡി)** | ഈ കേസുകൾ തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ? | **(ഡി)** | ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP 32524/10, SLP 33802/10 എന്നീ കേസുകൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**